കേരള സർക്കാർ

# കുവപ്പടി ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

:

<u>രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം</u>

നം.കെ.എസ്.എ.ഇകെഎം(പി.2)149/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ തീയതി :13.03.2019

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുവപ്പടി ഗ്രാമപഞ്ചായത്ത്.

.

സർ,

വിഷയം : കുവപ്പടി ഗ്രാമപഞ്ചായത്ത്-2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

3. ഓഫീസ് പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(പി.2)149/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി :13.3.2019

## എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04/01/2019 മുതൽ 18/01/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ |
| | വിനീത് ആർ., അസി. ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

(ബി) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുഞ്ഞുമോൾ തങ്കപ്പൻ | 01/04/17 മുതൽ 31/03/18വരെ |
| വൈസ് പ്രസിഡന്റ് | മായാ കൃഷ്ണകുമാർ | 01/04/17 മുതൽ 31/03/18 വരെ |

.

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | കെ. കെ. റെജികുമാർ | 01/04/17 | 31/03/18 |
| | | | |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.ജി.ശ്രീദേവി | 01/04/17 | 31/03/18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | യമുന പി.ബി. | 01/04/17 | 03/10/17 |
| | ധന്യ കെ. നായർ | 04/10/17 | 30/11/17 |
| | ആനന്ദൻ പി.വി. | 01/12/17 | 07/01/18 |
| | ഷഹാന സി.എ. | 08/01/18 | 31/03/18 |
| കൃഷി ഓഫീസർ | മുരളീധരമേനോൻ ജി. | 01/04/17 | 08/10/17 |
| | ബീത്തി ബാലചന്ദ്രൻ | 09/10/17 | 27/10/17 |
| | ജയ മരിയ ജോസഫ് | 28/10/17 | 31/03/18 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.വിക്ടർ ഫെർണാണ്ടസ് | 01/04/17 | 31/03/18 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ആനന്ദ് | 01/04/17 | 31/03/18 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബേബിമോൾ എസ്. | 01/04/17 | 11/07/17 |
| | നീന ബി. | 12/07/17 | 31/03/18 |
| | ബിന്ദു കെ.എൻ. | 01/04/17 | 11/07/17 |
| | പ്രമീള സി.പി. | 12/07/17 | 31/03/18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഡോ. സീന പി.എസ്. | 01/04/17 | 31/03/18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സഫീറ എം.എ. | 01/04/17 | 31/03/18 |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി. സ്കൂൾ | ജസി മാനുവൽ | 01/04/17 | 31/03/18 |
| വെറ്ററിനറി സർജൻ | ഡോ. ജെസ്സി | 01/04/17 | 31/03/18 |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല – നഷ്ടം 13,09,649/- | 2-1 |
| | ഭാഗം – 3 | |
| 14 | സേവന നികുതിയിനത്തിൽ ആവശ്യമില്ലാതെ തുക പിൻവലിച്ചു നൽകി - അധികച്ചെലവ് 295715/- | 3-1 |
| 15 | മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മരുന്നു വാങ്ങലിന് കൂടുതൽ തുക ചെലവഴിച്ചു - അധികം ചെലവഴിച്ചത് 5.2 ലക്ഷം | 3-2 |
| 16 | കാലി വീപ്പയുടെ വില ഈടാക്കിയില്ല -നഷ്ടം 51250/- | 3-3 |
| 17 | സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം- ഉയർന്ന നിരക്ക് അനുവദിച്ചു. | 3-4 |
| 18 | കാലാവധി ദീർഘീകരണത്തിന് ഫൈൻ ഈടാക്കിയില്ല. | 3-5 |
| 19 | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ - ആവശ്യപ്പെട്ടത് ഡെസ്ക്ടോപ്പ് - ലഭ്യമാക്കിയത് ലാപ് ടോപ്പ് | 3-6 |
| 20 | പാലിയേറ്റിവ് കെയർ - വാഹന വാടകയ്ക്ക് പുറമേ ഡ്രൈവറുടെ വേതനവും, ഇന്ധനചാർജ്ജും ചെലവഴിച്ചു. | 3-7 |
| 21 | 13.97 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. | 3-8 |
| 22 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 23 | തെരുവു വിളക്ക് പരിപാലനം – അപാകതകൾ | 3-10 |
| 24 | സുലേഖ ചെലവ് പത്രികയിലെ അപാകത | 3-11 |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം.1 |
| 35 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം.2 |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം.3 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി. |
|---|---|
| 31.07.2018 | 16.05.2018 |

## 1-3 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി.) 1786(34)/2018. തീയതി. 29.08.2018. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9647338 |
| വരവ് | 87989520 |
| ആകെ | 97636858 |
| ചെലവ് | 87069522 |
| നീക്കിയിരിപ്പ് | 10567336 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാത്ത |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുക |
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 17963600 | 17963600 | 17829977 | | 133623 |
| വികസന ഫണ്ട്- എസ്. സി.പി (ACR പ്രകാരം) | | 0 | 7660319 | 7660319 | 7483887 | | 176432 |
| വികസന ഫണ്ട്- ടി. എസ്.പി (ACR പ്രകാരം) | | 0 | 45981 | 45981 | 13720 | | 32261 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1672000 | 1672000 | 1382557 | | 289443 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | | 0 | 4131000 | 4131000 | 4119885 | | 11115 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8570856 | 8570856 | 8568808 | | 2048 |
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | 0 | 2760359 | 2760359 | 2067813 | | 692546 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 | |
| ദുരിതാശ്വാസനിധി | | 2355 | 84 | 2439 | 0 | 2439 | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17525823 | 17525823 | 17525823 | 0 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12740 | 915921 | 928661 | 909788 | 18873 | |
| TSC | | 82334 | 3188 | 85522 | 0 | 85522 | |
| Sarva Siksha Abhiyan | | | | | | | |
| ICDS | | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2701400 | 2701400 | *2701400 | 0 | |
| | ജില്ലാ പഞ്ചായത്ത് | 0 | 647500 | 647500 | 492750 | 154750 | |
| ബി ഫണ്ട് | | 0 | 61755810 | 61755810 | 61755810 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12038000 | 12038000 | 12038000 | 0 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5533663 | 19218678 | 24752341 | 20414886 | 4337455 | |
| | ട്രഷറി അക്കൗണ്ട് | 2783933 | 14107863 | 16891796 | 16454812 | 436984 | |
| SCB | | 1023694 | 10607874 | 11631568 | 6286319 | 5345249 | |
| SBI e-pay | | 0 | 69018 | 69018 | 1649 | 67369 | |

*13,92,750 രൂപ സർക്കാർ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്ന് 27-03-2018 ൽ പിൻവലിച്ചത് 07-04-2018 ൽ തിരികെ പഞ്ചായത്തിന് ലഭിച്ചു. ഈ തുക ചെലവ് ആയിട്ടാണ് ഫണ്ട് വിനിയോഗത്തിൽ കാണിച്ചിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂ ർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 42136403 | 127 | 29691037 | 0 | 36 | 78 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12740 | 915921 | 928661 | 909788 | 18873 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17525823 | 17525823 | 17525823 | -- |
| ആകെ | 12740 | 18441744 | 18454484 | 18435611 | 18873 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8400 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 9211800 | 806 |
| വിധവാപെൻഷൻ | 15128100 | 1306 |
| വാർദ്ധക്യകാലപെൻഷൻ | 3143560 | 2654 |
| വികലാംഗപെൻഷൻ | 4717900 | 407 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 888200 | 86 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 300000 | 10 |
| നെല്ലുൽപാദന ബോണസ് | 65810 | 331 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24862 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ മെയിലുകളുമാണ് ഓഫീസ് മേധാവി ഇനിഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. എന്നാൽ തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

6.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ , കെട്ടിടങ്ങളുടെ ക്രമവൽക്കരണ രജിസ്റ്റർ എന്നിവയിൽ കൃത്യമായി വിവരങ്ങൾ ചേർത്തിട്ടില്ല.

7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

9. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

10. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

11. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേര് വിവരം ഉൾപ്പെടുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

12. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കേണ്ടതാണ്.

13.സ്യൂട്ട് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതും കാലികമാക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2018 | നവബർ 2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2014 | 2008-09 മുതൽ 2012-13 വരെ | 20.03.2014 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഈ കാര്യാലയത്തിലെ കെ.എസ്.എ-ഇ.കെ.എം (പിജി) 1786/(34)/2018 തീയതി 29.8.18 നമ്പർ കത്ത് പ്രകാരം 2017-18 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല – നഷ്ടം 13,09,649/-

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയും നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടും നികുതി ഒടുക്കാത്തതിനെത്തുടർന്ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തപ്പോൾ നികുതി നിർണ്ണയവും നികുതിഡിമാൻഡും റവന്യൂ റിക്കവറി നടപടികളും സ്റ്റേ ചയ്യണമെന്ന് ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണ്, കെട്ടിടനികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കെതിരെ ബന്ധപ്പെട്ട ഉടമകൾ കോടതിയെ സമീപിച്ചതിൽ താൽക്കാലികമായി പഞ്ചായത്തിന്റെ നടപടികൾ സ്റ്റേ ചെയ്ത ഇടക്കാല ഉത്തരവിൽ പഞ്ചായത്ത് ഡിമാന്റ് ചെയ്തിരുന്ന തുകയുടെ മൂന്നിലൊന്ന് ഇടക്കാല ഉത്തരവിന്റെ തീയതിയായ 27.07.2017 മുതൽ ഒരു മാസത്തിനകം പഞ്ചായത്തിൽ ഡിപ്പോസിറ്റ് ചെയ്യണമെന്ന് കെട്ടിട ഉടമകളോട് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെയും കേസുകളുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നമ്പരും 2016-17 വരെ ഡിമാൻഡ് ചെയ്ത തുകയുടെയും

(ഡിമാന്റ് നോട്ടീസ് നം.എ7-972/15,തീയതി-15/06/2015, ഡിമാന്റ് നോട്ടീസ്

നം.എ7-972/15,തീയതി-15/03/2017,)) ഹൈക്കോടതിയതിയുടെ ഇടക്കാല ഉത്തരവു പ്രകാരം ഡിപ്പോസിറ്റ് ചെയ്യേണ്ട 1/3തുകയുടെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേരും വിലാസവും | 2016-17 വരെ ഡിമാൻഡ് ചെയ്ത തുക | ഹൈക്കോടതിയതിയുടെ ഇടക്കാലഉത്തരവു പ്രകാരംഒടുക്കേണ്ട 1/3തുക | ഹൈക്കോടതിയിൽ നിലവിലുള്ള കേസ് നമ്പർ |
|---|---|---|---|---|---|
| 1 | UA.XIX/2 | ലിജി ആന്റണി, നമ്പ്യാട്ടുകുടി വീട് റയോൺപുരം,പെരുമ്പാവൂർ | 2820733/- | 940244/- | WP(c)22659/17 |
| 2 | UA.XIX/9 | ലിജി ആന്റണി, നമ്പ്യാട്ടുകുടി , റയോൺപുര,പെരുമ്പാവൂർ | 65647/- | 21822/- | WP(c)22690/17 |
| 3 | UA.XIX/20 | ലിജി ആന്റണി, നമ്പ്യാട്ടുകുടി വീട് റയോൺപുരം,പെരുമ്പാവൂർ | 467822/- | 155940/- | WP(c)22658/17 |
| 4 | UA.XIX/22 | എൻ.പി.ആന്റണി, നമ്പ്യാട്ടുകുടി വീട് റയോൺപുരം,പെരുമ്പാവൂർ | 692816/- | 230938/- | WP(c)22693/17 |

| | | | | | |
|---|---|---|---|---|---|
| 5 | UA.XIX/24 | ട്രീസ ജോർജ്ജ്,<br>നമ്പ്യാട്ടുകുടി വീട്<br>റയോൺപുരം,പെരുമ്പാവൂർ | 38764/- | 12921/- | WP(c)24195/17 |
| 6 | UA.XIX/33 | ട്രീസ ജോർജ്ജ്,<br>നമ്പ്യാട്ടുകുടി വീട്<br>റയോൺപുരം,പെരുമ്പാവൂർ | 7926988/- | 2642329/- | WP(c)24074/17 |
| 7 | UA.XIX/28 | ട്രീസ ജോർജ്ജ്,<br>നമ്പ്യാട്ടുകുടി വീട്<br>റയോൺപുരം,പെരുമ്പാവൂർ | 127421/- | 42474/- | WP(c)24036/17 |
| 8 | UA.XIX/29 | ട്രീസ ജോർജ്ജ്,<br>നമ്പ്യാട്ടുകുടി വീട്<br>റയോൺപുരം,പെരുമ്പാവൂർ | 11048/- | 3682/- | WP(c)24055/17 |
| | ആകെ | | 1,21,51,239/- | 40,50,350/- | |

ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം റിട്ട് ഹർജികളിലെ ഹർജിക്കാരായ കെട്ടിട ഉടമകൾ പഞ്ചായത്തിൽ ഡിപ്പോസിറ്റ് ചെയ്ത തുകളുടെ വിവരം താഴെ ചേർക്കുന്നു.

| പേര് | രസീത് നം. | തീയതി | തുക |
|---|---|---|---|
| ട്രീസ ജോർജ്ജ്, | 117100400006 | 09.08.17 | 29,892/- |
| എൻ.പി.ആന്റണി, | 117100400008 | 09.08.17 | 1,55,401/- |
| ലിജി ആന്റണി, | 117100400007 | 09.08.17 | 1,04,935/- |
| ലിജി ആന്റണി, | 117100400009 | 09.08.17 | 6,32,691/- |
| ട്രീസ ജോർജ്ജ്, | 117100400011 | 22.08.17 | 2481/- |
| ട്രീസ ജോർജ്ജ്, | 117100400012 | 22.08.17 | 17,78,019/- |
| ട്രീസ ജോർജ്ജ്, | 117100400013 | 22.08.17 | 8698/- |
| ട്രീസ ജോർജ്ജ്, | 117100400014 | 22.08.17 | 28584/- |
| ആകെ | | | 27,40,701/- |

ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം റിട്ട് ഹർജികളിലെ ഹർജിക്കാരായ കെട്ടിട ഉടമകൾ പഞ്ചായത്തിൽ 40,50,350/-(നാൽപ്പത് ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി അൻപത് ) രൂപ ഡിപ്പോസിറ്റ് ചെയ്യേണ്ടതാണ്.

എന്നാൽ 27,40,701/- ഇരുപത്തിയേഴ് ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി ഒന്ന് ) രൂപ മാത്രമാണ് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം 13,09,649/-( പതിമൂന്ന് ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഒൻപത്) രൂപ കൂടി കെട്ടിട ഉടമകൾ പഞ്ചായത്തിൽ ഡിപ്പോസിറ്റ് ചെയ്യേണ്ടതുണ്ട് .ഹൈക്കോടതി നിർദേശിച്ച പ്രകാരമുള്ള മുഴുവൻ തുക ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. അതിനാൽ 13,09,649/- രൂപയുടെ നഷ്ടംസംഭവിച്ചു. ടി തുക ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്. ഹൈക്കോടതി നിർദേശിച്ച പ്രകാരമുള്ള മുഴുവൻ തുകയും ഡിപ്പോസിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ വിവരം ബഹു . ഹൈക്കോടതിയെ അറിയിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവന നികുതിയിനത്തിൽ ആവശ്യമില്ലാതെ തുക പിൻവലിച്ച് നൽകി - അധികച്ചെലവ് 295715/-

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ ,01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയിൽ സേവന നികുതി ഉൾപ്പെടുത്തുകയും കരാറുകാർ തുക ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടിയിനത്തൽ കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | സേവനനികുതിയിനത്തിൽ പിൻവലിച്ച തുക | ചെലവു വിവരം (ബിൽ നം) |
|---|---|---|
| കുറിച്ചിലക്കോട് LPSനവീകരണം | 18982 | 10/28-09-17 രൂപ 199758/- |
| അങ്കണവാടികളുടെ മെയിന്റനൻസ് - 55,56,58,59 | 33629 | 15/15-11-17 രൂപ 353905/- |
| അങ്കണവാടികളുടെ മെയിന്റനൻസ് 42,43,45,46 | 33293 | 7/25-09-17 രൂപ 350360/- |
| അങ്കണവാടികളുടെ മെയിന്റനൻസ് -39 മങ്കുഴി | 13990 | 6/29-06-17 രൂപ 147225/- (തനത് ഫണ്ട്) |
| കോടനാട് LPS മെയിന്റനൻസ് | 54425 | 4/29-07-17 രൂപ 572759/- |
| അങ്കണവാടികളുടെ മെയിന്റനൻസ് -44,147,151 | 36274 | 12/15-11-17 രൂപ249933/- 82/30-10-17 രൂപ 31815/-(തനത് ഫണ്ട്) |

| | | |
|---|---|---|
| | | 81/30-10-17 രൂപ 100000/-(തനത് ഫണ്ട്) |
| അങ്കണവാടികളുടെ മെയിന്റനൻസ് -60,61,62,63 | 37998 | 62/28-09-17 രൂപ 399883/-(തനത് ഫണ്ട്) |
| അംബേദ്കർകോളനി അംഗൻവാടി മെയിന്റനൻസ് | 9490 | 5/29-07-17 രൂപ 99879/-(തനത് ഫണ്ട്) |
| അങ്കണവാടികളുടെ മെയിന്റനൻസ് -47,48,49,54 | 32919 | 5/10-08-17 രൂപ346429/- |
| പഞ്ചായത്ത് ഓഫീസിന്റെ പുറകുവശം ഗ്രിൽ സ്ഥാപിച്ച് അടച്ചുറപ്പ് വരുത്തുക | 24715 | 6/10-08-17 രൂപ260099/- |
| | 295715 | |

.

മേൽ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കേണ്ടതില്ലാത്തതിനാൽ ടി തുക തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-2 മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മരുന്നു വാങ്ങലിന് കൂടുതൽ തുക ചെലവഴിച്ചു - അധികം ചെലവഴിച്ചത് 5.2 ലക്ഷം

ജി.ഒ (എം.എസ്) 330/2004 ത.സ്വ.ഭ.വ 09-12-2004 പ്രകാരം പൊതു ആവശ്യ ഗ്രാന്റിന് പുറമേ ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 10%കൂടി ആവശ്യമാണെങ്കിൽ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ വാങ്ങിക്കാൻ വിനിയോഗിക്കാവുന്നതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിനുള്ള മെയിന്റനൻസ് ഗ്രാന്റ് ബഡ്ജറ്റ് അലൊക്കേഷൻ 5803000/-രൂപയാണ്. അതിനാൽ മരുന്നുകൾ വാങ്ങിക്കാൻ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്താവുന്ന പരമാവധി തുക 580300/- (10%) മാത്രമാണ്. എന്നാൽ തൻ വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി 11ലക്ഷം രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | തുക | ആർക്ക നൽകി എന്നത് സംബന്ധിച്ച് |
|---|---|---|
| കോടനാട്പ്രൈമറിഹെൽത്ത് | 8 | KMSCL |

| | | |
|---|---|---|
| സെന്ററിന് മരുന്ന് | ലക്ഷം | |
| ഹോമിയോആശുപത്രിക്ക്മരുന്ന് | 1 ലക്ഷം | HOMCO |
| ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് | 2 ലക്ഷം | KMSCL |
| | 11ലക്ഷം | |

ഗ്രാന്റിന്റെ വിനിയോഗമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മരുന്ന വാങ്ങലിന് 5.2 ലക്ഷം രൂപ (110000 – 580300 = 520700)അധികം ചെലവഴിച്ചു . വിനിയോഗമാർഗ്ഗരേഖയ്ക്ക് അനുസരിച്ച് തുക ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കാലി വീപ്പയുടെ വില ഈടാക്കിയില്ല -നഷ്ടം 51250/-

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്യിട്ടുള്ള താഴെപ്പറയുന്ന റോഡ് ടാർ ചെയ്യുന്ന പ്രവൃത്തിയിൽ പാക്കഡ് ബിറ്റ്യുമിനുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ബിൽ പ്രകാരം കരാറകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. ഈയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച അളവ് (kg) | കാലിവീപ്പയുടെ എണ്ണം/- | ഈടാക്കേണ്ടവില @250/ | ചെലവു വിവരം (ബിൽ നമ്പർ) | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | കൊല്ലത്താൻ കവല-കനൈലേപ്പാടം മുടക്കുഴ ലിങ്ക് റോഡ് | 3705.06 | 24 | 6000 | 52/26-9-17 രൂപ 499000/- | മഹേഷ് .R |
| 2. | പടിക്കലപ്പാറ-പിഷാരിക്കൽ അനുബന്ധ റോഡ് ടാറിംഗ് | 3624 | 23 | 5750 | 116/19-12-17 രൂപ 498695/- | ശങ്കരൻകുട്ടി K.V |
| 3 | PHCക്വാർട്ടേഴ്സ് റോഡ് നിർമ്മാണം | 990 | 6 | 1500 | 117/19-12-17 രൂപ 4ലക്ഷം | സോജൻ Nജോർജ്ജ് |
| 4 | മാവേലിപ്പടി വിഴക്കപ്പാറ പെരിയാർ വാലി കനാൽ ബണ്ട് റോഡ് | 5580.56 | 36 | 9000 | 03/129-7-17 രൂപ 557279/- | ജോസ് പി.ഒ |
| 5 | കനാൽ കവല-മിച്ചഭൂമി നാലു സെന്റ് കോളനി റോഡ് മെറ്റലിംഗ് | 1307.6 | 8 | 2000 | 51/26-9-17 രൂപ 499000/- | മഹേഷ് .R |
| 6 | റേഷൻകട -വഞ്ചിപ്പറമ്പ് റോഡ് | 3702.04 | 24 | 6000 | 13/27-7-17 രൂപ 498717/- | ദിലീപ് കുമാർ |

| | | | | | | |
|---|---|---|---|---|---|---|
| | റീടാറിംഗ് | | | | | |
| 7 | കനാൽകവല-പുളിയിലത്തോട് റോഡ് റീടാറിംഗ് | 1354 | 9 | 2250 | 50/26-9-17രൂപ 499000/- | മഹേഷ് .R |
| 8 | പഞ്ചായത്ത് ഓഫീസ്-ടെലിഫോൺ എക്സ്ചേഞ്ച് റോഡ് റീടാറിംഗ് | 2077.56 | 13 | 3250 | 46/25-9-17 രൂപ 445849/- | സോജൻ Nജോർജ്ജ് |
| 9 | 52-ാം നമ്പർ അംഗൻവാടി റോഡ് -അനുബന്ധ റോഡ് | 1356.64 | 9 | 2250 | 53/26-9-17 രൂപ 498904/ | മഹേഷ് .R |
| 10 | പാപ്പൻപടി കോലോത്തുതറ റോഡ് പുനരുദ്ധാരണം | 4444.26 | 29 | 7250 | 48/26-9-17 രൂപ 183222/- | ബേബി M.D |
| 11 | പടിക്കലപ്പാറ അനുബന്ധ റോഡ് റീടാറിംഗ് | 3625 | 24 | 6000 | 117/19-12-17രൂപ 498695/- | ശങ്കരൻകുട്ടി K.V |
| | | | | 51250 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം )കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-4 സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം- ഉയർന്ന നിരക്ക് അനുവദിച്ചു.

നിർവ്വഹണം ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പ്രോജക്ടിന്റെ പേര്- സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലെറ്റ്

പ്രോജക്റ്റ് നം -S0065/18

കരാറുകാരൻ -ജോസ് പി.ഒ

അളവു പുസ്തകം -166/17-18

ചെലവു വിവരം - ബിൽ നം 44/24.03.18രൂപ 276300/-

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം5 പ്രകാരം 30x20x20cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണമാണ്. ഇതിന് DSR 2016 ലെ നിരീക്ഷിക്കപ്പെട്ട ഡേറ്റ 50.6.1.6 പ്രകാരമുള്ള നിരക്കായ6608.56 /m3 ആണ് അനുവദിച്ചിരിക്കുന്നത്. ഇത് ഫ്ലോർ ലെവൽ 2 ന് മുകളിൽ 30x20x20cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തി നിർമ്മിക്കുന്നതിനുള്ള നിരക്കാണ്. നിർമ്മിക്കുന്ന കെട്ടിടം ഒറ്റ നിലയിലുള്ളതിനാൽ ഫ്ലോർ ലെവൽ 2 വരെയുള്ളതിന്

അനുവദിക്കുന്ന DSR 2016 ലെ നിരീക്ഷിക്കപ്പെട്ട ഡേറ്റ 50.6.1.5 പ്രകാരമുള്ള നിരക്കായ 6029.09/m3 ആണ് അനുവദിച്ചാൽ മതി . ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

അനുവദിച്ച അളവും തുകയും - 8.882 m3 @6608.56 /m3 = 58697/-

അനുവദിക്കാവുന്ന തുക – 8.882 m3 @ 6029.09/m3 = 53550/-

അധികം നൽകിയത് - 58697- 53550 = 5147/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10) കൂടുതലായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 കാലാവധി ദീർഘീകരണത്തിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ടിന്റെ പേര്- വളവുംപടി തേലക്കാടൻ റോഡ് - അനാഥമന്ദിരം റോഡ്

പ്രോജക്ട് നം -S0141/16

നിർവ്വഹണം - അസി.എഞ്ചിനിയർ

കരാറുകാരൻ -ജോർജ്ജ് A.A

അളവു പുസ്തകം -87/15-16

ചെലവു വിവരം - ബിൽ നം 5/28.04.18രൂപ 498605/-

ചെയ്ത വേലയുടെ മൂല്യം - 498605/-

ഫയൽ പരിശോധിച്ചതിൽ ടി പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചതായി കാണുന്നില്ല.ഇത്തരം സംഗതികളിൽ പൊതുമരാമത്ത വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാൻ നിർദ്ദേശമുണ്ടെങ്കിലും ആയത് ഈടാക്കിയിട്ടില്ല..

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.എന്നാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഇങ്ങനെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആദ്യ തവണ (ഒറിജിനൽ സമയത്തിന്റെ 25%) കാലാവധി ദീർഘിപ്പിക്കുന്നതിന് PACയുടെ 1% വും ആദ്യ തവണയ്ക്ക് ശേഷം PACയുടെ 2% വും പിഴയായി ഈടാക്കണം. പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസി.എഞ്ചിനിയർ മുഖേനേ അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതും ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാകുന്നതിനാൽ തുക നൽകാവുന്നതുമല്ല.. എന്നാൽ ഇവിടെ അപേക്ഷ സമർപ്പിക്കാതെ തന്നെ കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകുന്നതായാണ് കാണുന്നത്. ഇത് ശരിയായ നടപടിയല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരൻ സമർപ്പിച്ച അപേക്ഷ കണ്ടെത്താൻ സാധിച്ചില്ലെന്നും ആയത് ഹാജരാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്.കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള കാലതാമസത്തിന് ഒറിജിനൽ സമയത്തിന്റെ 25%ൽ അധീകരിക്കാതെയോ അല്ലെങ്കിൽ 6മാസം, ഏതാണോ കുറവ് അതാണ് അനുവദിക്കാവുന്നത്. ഇവിടെ അനുവദിക്കാവുന്ന സമയം 32ദിവസമാണ് . അതായത് 30-04-16 വരെ. അതിനുശേഷം വരുന്ന കാലയളവിലേക്ക് ഫൈൻ ഈടാക്കേണ്ടതാണ്. ഈടാക്കേണ്ടുന്ന ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറ്റം ചെയ്ത തീയതി | 20-11-15 |
| പൂർത്തീകരിക്കേണ്ട തീയതി | 29-03-16 |
| പൂർത്തീകരിച്ച തീയതി | 08-09-16 |
| അനുവദിക്കാവുന്ന സമയം (എക്സ്ടെൻഷൻ) | 30-04-16 |

| | |
|---|---|
| വരുത്തിയ കാലതാമസം | 4മാസവും 11 ദിവസവും |
| ഈടാക്കേണ്ടുന്ന ഫൈൻ @3% | 498605 @3% = 14958/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-6 ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ - ആവശ്യപ്പെട്ടത് ഡെസ്ക്ടോപ്പ് - ലഭ്യമാക്കിയത് ലാപ് ടോപ്പ്

പ്രോജക്ട് നമ്പർ -S0199/18

ചെലവ് വിവരം - ബിൽ നമ്പർ 12/24-02-18 രൂപ 38200/-

മെഡിക്കൽ ഓഫീസർ, പി.എച്ച് .സി ,കോടനാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത് ഡെസ്ക് ടോപ് കമ്പ്യൂട്ടറിനാണ്. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി കുറഞ്ഞ നിരക്ക് (38200/-)ക്വാട്ട് ചെയ്ത ഈസിടെക്ക് കമ്പ്യൂട്ടേഴ്സിന്റെ ക്വട്ടേഷൻഅംഗീകരിച്ചിട്ടുണ്ട്.മേൽ സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ 6thജനറേഷനിൽപ്പെട്ട കമ്പ്യൂട്ടർ നൽകാമെന്നാണ് കാണിച്ചിരിക്കുന്നത്. നൽകിയത് $5^{th}$ ജനറേഷനിൽപ്പെട്ട ലാപ് ടോപ്പാണ്. സ്ഥാപനത്തിന്റെ 16-02-2018-ലെ 176-ാം നമ്പർ ബിൽപ്രകാരം അനുബന്ധ സാമഗ്രികളായി കീബോർഡിന്റേയും മൌസിന്റേയും വിലയായി 1500/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഹോമിയോ ആശുപത്രിയിൽ നിന്നും ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. ആയതിനാൽ ഇതിനായി ചെലവഴിച്ച 1500/- സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേടണതാണ്. അംഗീകരിച്ച ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ തന്നെയാണ് സപ്ലൈചെയ്യുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-7 പാലിയേറ്റിവ് കെയർ - വാഹന വാടകയ്ക്ക് പുറമേ ഡ്രൈവറുടെ വേതനവും, ഇന്ധനചാർജ്ജും ചെലവഴിച്ചു.

പ്രോജക്ട് നമ്പർ -S0199/18

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച് .സി ,കോടനാട്

ചെലവ് വിവരം - ബിൽ നമ്പർ 1/26-08-17 രൂപ 137200/-

ബിൽ നമ്പർ 2/26-08-17 രൂപ 4500/-

ബിൽ നമ്പർ 5/26-10-17 രൂപ 76507/-

ബിൽ നമ്പർ 8/18-12-17 രൂപ 60000/-

ബിൽ നമ്പർ 9/22-12-17 രൂപ 475400/-

ബിൽ നമ്പർ 11/24-03-18 രൂപ 235190/-

ബിൽ നമ്പർ 13/28-03-18 രൂപ 130305/-

പി.എച്ച് .സി ,കോടനാട് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ആംബുലൻസാണ് ഹോംകെയർ വിസിറ്റിനായി ഉപയോഗിച്ചിരിക്കുന്നത്. 16-07-16ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം ആംബുലൻസിന്റെ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മിനിമം വാടക (10കിലോമീറ്ററിന്) 400/- രൂപയും

അതിന് ശേഷമുള്ള ഒരു കിലോമീറ്ററിന് 15രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഒരു മാസത്തിൽ 16ദിവസം വീതം ഓടിയ ദൂരത്തിന് അനുസരച്ചുള്ള വാടക(കിലോമീറ്റർ ചാർജ്ജ്) താഴെപ്പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| മാസം | ഓടിയ ദൂരം (km) | ഈടാക്കിയകിലോമീറ്റർ ചാർജ്ജ് |
|---|---|---|
| 04/2017 (16 ദിവസം) | 501 | 11515 (6400 +5115)<br>(ആദ്യ 10കിലോമീറ്ററിന് 400/- രൂപ പ്രകാരം 16ദിവസത്തേക്ക് (160km) = 16@400 = 6400 +(501-160) @15 = 5115) |
| 05/2017 | 519 | 11785 |
| 06/2017 | 529 | 11935 |
| 07/2017 | 550 | 12250 |
| 08/2017 | 565 | 12715 |
| 09/2017 | 503 | 11545 |
| 10/2017 | 504 | 11560 |
| 11/2017 | 474 | 11225 |
| 12/2017 | 539 | 11000 |
| 01/2018 | 519 | 11785 |
| 02/2018 | 507 | 11600 |
| 03/2018 | 553 | 12300 |
| ആകെ | | 141215 |

ഇത് കൂടാതെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നിയമിച്ചിട്ടുള്ള ഡ്രൈവറുടെ വേതനം , ഇന്ധനചാർജ്ജ് , മറ്റു സർവ്വീസ് ചാർജ്ജ് എന്നിവ കൂടി ടി പ്രോജക്റ്റ് പ്രകാരം പിൻവലിച്ച് HMC ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഡ്രൈവറുടെ വേതനം | 114400 |
| ഇന്ധനചാർജ്ജ് | 26000 |
| മറ്റു സർവ്വീസ് ചാർജ്ജ് | 1620 |
| ആകെ | 142020/- |
| | |

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന വാടകയിൽ

ഡ്രൈവറുടെ വേതനം , ഇന്ധനചാർജ്ജ് , മറ്റു സർവ്വീസ് ചാർജ്ജ് എന്നിവ ഉൾപ്പെട്ടിട്ടുള്ളതിനാൽ വീണ്ടും പ്രോജക്റ്റ് തുകയിൽ നിന്നും ഇവ പിൻവലിച്ച് HMC ഫണ്ടിൽ ഒടുക്കേണ്ടതില്ല. അതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 13.97 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.

എ) മെഡിക്കൽ ഓഫീസർ, പി.എച്ച് .സി ,കോടനാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന മരുന്ന് വാങ്ങൽ പ്രോജക്ടുകൾക്കായി ചുവടെ പറഞ്ഞിരിക്കും വിധം തുക ചെലവഴിച്ചിട്ടുണ്ട്.ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മരുന്ന് ലഭിച്ചതായി കാണുന്നില്ല.

| പ്രോജക്ട് | തുക | ആർക്ക നൽകി എന്നത് സംബന്ധിച്ച് | റിമാർക്സ് |
|---|---|---|---|
| കോടനാട്പ്രൈമറിഹെൽത്ത് സെന്ററിന് മരുന്ന് | 800000 | KMSCL | NAC ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് | 200000 | KMSCL | NAC ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| പാലിയേറ്റീവ് കെയർ മരുന്ന് | 397800/- | KMSCL | --- |
| | 1397800/- | | |

മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

ബി) മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേനേ വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകാം.എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. തൻവർഷം മരുന്നുകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിരിക്കുന്നത് NAC ഇല്ലാതെയാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപയി നൽകിയില്ല.

## 3-9 <u>രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.</u>

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ, ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (എൻക്വയറി നമ്പർ 10 & 11 തീയതി.16.01.2019) ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകളിലെ ചെലവു തുകകൾ (1970669 രൂപ) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു തുക | ഹാജരാക്കാതിരുന്ന രേഖകൾ |
|---|---|---|---|
| 4/18 ഐ.കെ.എം. പ്രവർത്തനഫണ്ട് | സെക്രട്ടറി | 89,008 രൂപ | ഐ.കെ.എം ന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും |
| 8/18 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | സെക്രട്ടറി | 8,83,800 രൂപ | വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം |
| 9/18 തടസ്സമായി | സെക്രട്ടറി | 55,920 രൂപ | കെ.എസ്.ഇ.ബി. |

| | | | |
|---|---|---|---|
| നിൽക്കുന്ന പോസ്റ്റുകൾ മാറ്റിയിടൽ | | | യുമായി ഒപ്പുവെച്ച കരാറും, വിനിയോഗ സാക്ഷ്യപത്രവും |
| 235/18, പി.എം.എ.വൈ. അധിക വിഹിതം (എസ്.സി.) | അസി. സെക്രട്ടറി | 40,000 രൂപ | കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ രസീതും, വിനിയോഗ സാക്ഷ്യപത്രവും |
| 79/18 ലൈബ്രറി സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ | ഹെഡ്മിസ്ട്രസ്, കൂവപ്പടി ഗവൺമെന്റ് എൽ.പി. സ്കൂൾ. | 1,00,000 രൂപ ബിൽ നമ്പർ - 17/17-18, തീയതി. 31.03.2018 | ചെലവു രേഖകൾ, |
| 190/18 എസ്.എസ്.എ വിഹിതം അടവാക്കൽ | ഹെഡ്മിസ്ട്രസ്, കൂവപ്പടി ഗവൺമെന്റ് എൽ.പി. സ്കൂൾ. | 8,01,941 രൂപ ബിൽ നമ്പർ - 3/17-18, തീയതി. 29.07.2017 | എസ്.എസ്.എ പ്രോജക്ട് ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം |
| ആകെ | | 1970669 രൂപ | |

## 3-10 തെരുവു വിളക്ക് പരിപാലനം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 209/18, തെരുവു വിളക്ക് പരിപാലനം |
| അടങ്കൽ | 9,20,132 രൂപ (ധന. കമ്മീഷൻ വിഹിതം) |
| ചെലവ് തുക | 8,39,604 രൂപ |

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്ക് പരിപാലനം പ്രോജക്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1.പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2 – 44274/2015 നമ്പർ ഉത്തരവ് പ്രകാരം സൂക്ഷിക്കുവാൻ നിർദ്ദേശിച്ച, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.തെരുവു വിളക്കുകളുടെ പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3.തെരുവു വിളക്ക് പരിപാലനത്തിനായി കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടോ എന്നുള്ളത് പഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 9, തീയതി 16.01.2019) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകുന്നതുവരെ ഈ പ്രോജക്ടിനായി ചെലവഴിച്ച 8,39,604 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-11 സുലേഖ ചെലവ് പത്രികയിലെ അപാകത

സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി ചെലവു പത്രികയിൽ തനത് ഫണ്ട്, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായം, ബ്ലോക്ക് വിഹിതം എന്നിവ പ്രകാരമുള്ള പല ചെലവുകളും ഉൾപ്പെട്ടിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | യഥാർഥ ചെലവ് |
|---|---|---|---|
| 206/2018 പഞ്ചായത്തിന് അലമാരകളും റാക്കുകളും വാങ്ങൽ | 200000 | 0 | 195857 |
| 297/2018 പാലിയേറ്റീവ് കെയറിന് ആമ്പുലൻസ് വാങ്ങൽ | 444000 | 0 | 444000 |

ഇപ്രകാരം അപാകത സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 8,തീയതി 15.01.2019) മറുപടി ലഭ്യമാക്കിയില്ല. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവു പത്രിക പദ്ധതി ചെലവുകൾ സംബന്ധിച്ച ഔദ്യോഗിക രേഖയായതിനാൽ ഇതു തയ്യാറാക്കുന്നതിൽ വന്ന അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1886000 | നെൽകൃഷി കൂലി ചെലവ് | 0 | 425000 |
| | | | പാലിന് സബ്സിഡി | 406400 | 0 |
| | | | അംഗപരിമിതർക്ക് സ്കോളർഷിപ്പ് | 300000 | 54600 |
| | | | മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 700000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 647500 | ലൈഫ് പൂരക പോഷകാഹാരം- | 492750 | 1547750 |

## 4-2 ഡിപ്പോസിറ്റ് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ഒന്നും ചെലവഴിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.
.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ളതുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 29/17-18, 30.01.2018 | 883800 | 0 | 883800 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റിയിടൽ | 39/17-18, 21.03.2018 | 55920 | 0 | 55920 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും തിരിച്ചടവും ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 611097 |
| തൻവർഷം നിക്ഷേപിച്ച തുക | 51943 |
| ആകെ | 663040 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 663040 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | പുതുക്കി നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.സി.ബി. | 11.08.2017 | ഒരു വർഷം | 663040 | - |
| ആകെ | | | | 663040 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് / സർചാർജ് ഇനത്തിൽ അടവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87989520 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87069522 |
| വരവിനങ്ങളിലുള്ള നഷ്ടം | 13,09,649/- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57897 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4208073 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 13,09,649/- | - | കെ. കെ. റെജികുമാർ,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-3 | | 51250 | 38000/-യമുന പി.ബി.അസി. എഞ്ചിനിയർ<br>13250/- ആനന്ദൻ പി.വി ,അസി. എഞ്ചിനിയർ |
| 3-4 | | 5147 | ഷഹാന സി.എ ,അസി. എഞ്ചിനിയർ |
| 3-6 | | 1500 | ഡോ.വിക്ടർ<br>ഫെർണാണ്ടസ് മെഡിക്കൽ ഓഫീസർ |
| ആകെ | 13,09,649/- | 57897 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1397800 | ഡോ.വിക്ടർ<br>ഫെർണാണ്ടസ് മെഡിക്കൽ ഓഫീസർ ( അലോപ്പതി) |
| 3-9 | 1970669 | 1020728/-കെ. കെ. റെജികുമാർ,സെക്രട്ടറി, ഗ്രാമപഞ്ചായത്ത്<br>40000/- കെ.ജി ശ്രീദേവി, അസിസ്റ്റന്റ് സെക്രട്ടറി<br>901941/-ജസി മാനുവൽ, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി. സ്കൂൾ |
| 3-10 | 8,39,604 | കെ. കെ. റെജികുമാർ,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ആകെ | 4208073 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ.റെജികുമാർ, സെക്രട്ടറി | സെക്രട്ടറി,<br>ഗ്രാമപഞ്ചായത്ത് | കുഴിവിലാൻകുടി,<br>ഇരിങ്ങോൾ(പി.ഒ.),<br>എറണാകുളം ജില്ല |
| ശ്രീദേവി കെ.ജി.<br>അസിസ്റ്റന്റ് സെക്രട്ടറി | ADP വയനാട് ജില്ല<br>കുവപ്പടി ഗ്രാമപഞ്ചായത്ത് | രാഘവീയം,<br>നട്ടുവത് നഗർ P.O<br>ചേർത്തല |
| ഡോ.ജെസ്സി എ.എസ്.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കോടനാട് | ആഷിഷ് വില്ല,<br>കൊറ്റമം, കാലടി |
| യമുന പി.ബി.അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ,<br>വാളകംഗ്രാമപഞ്ചായത്ത് | കുർക്കഞ്ചേരിൽ ഹൌസ്, തൃക്കളത്തൂർ<br>കാവുംപടി പി.ഒ-683541 |

| | | |
|---|---|---|
| ആനന്ദൻ അസി. എഞ്ചിനിയർ | ലഭ്യമാക്കിയില്ല | പള്ളിപ്പുരമ്പിൽ ഹൌസ് മൂക്കന്നൂർ പി.ഒ -683577 |
| ഷഹാന സി.എ ,അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ കൂവപ്പടി ഗ്രാമപഞ്ചായത്ത് | കളരിക്കൽക്കൂടിയിൽ ഹൌസ് ,മാറമ്പള്ളി പി.ഒ -683105 |
| ഡോ.വിക്ടർഫെർണാണ്ടസ് മെഡിക്കൽ ഓഫീസർ ( അലോപ്പതി) | മെഡിക്കൽ ഓഫീസർ ( അലോപ്പതി) കൂവപ്പടി ഗ്രാമപഞ്ചായത്ത് | NO 3A ,ABAD ,ചാൻസലർ ഫ്ലാറ്റ് , തൃക്കാക്കര |
| ജസി മാനുവൽ, ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി. സ്കൂൾ | ലഭ്യമാക്കിയില്ല | നെടുമ്പുറത്ത് ഹൌസ് ,പുന്നയം,അശമന്നൂർ പി.ഒ |
| | | |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2)1205/03,തീ.7-12-03 |
| 1996-97 | എൽ എഫ് ഇ (പി2)256/97,തീ.9-3-98 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)623/04,തീ.1-11-2004 |
| 2000-01 | എൽഎഫ്ഇ(പി2)608/05,തീ.28-12-2005 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.09-03-07 |
| 2003-04 | എൽഎഫ്ഇ(പി2)299/10,തീ.19-7-11/ തീ. 14-10-11 |
| 2004-05 | എൽ എഫ് ഇ (പി2)300/10,തീ. 19-7-11 തീ. 14-10-11 |
| 2005-06 | എൽ എഫ് ഇ (പി2)301/10,തീ. 19-7-11 തീ. 14-10-11 |
| 2006-07 | എൽ എഫ് ഇ (പി2)1725/07,തീ. 4-8-08 തീ.3-10-08 |
| 2007-08 | എൽ എഫ് ഇ (പി2)30210തീ. 19-7-11 തീ.14-10-11 |
| 2008-09, 2009-10, 2010-11 | എൽ എഫ് ഇ (പി2)2083/12, 14-12-12 തീ.1-2-13 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)724/14, തീ. 26-6-2014/ 11-09-2014 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)26/16 തീയതി 12.1.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)2042/16 തീയതി 18.12.2016 |
| 2016-17 | കെ.എസ്.എ ഇ.കെ.എം (പി2)1760/17 തീയതി 21.10.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുവപ്പടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

. എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ KSA-EKM/PG/1786 (34)/18 തീ.29/8/18) ചേർത്തിട്ടുണ്ട്.

1.വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകകളുമായി പൊരുത്തപ്പെടുന്നില്ല.

2.ഭൂമിയുൾപ്പടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ